## കേരള സർക്കാർ

### റവന്യൂ (പി) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 370/2009/റവന്യൂ. *തിരുവനന്തപുരം, 2009 സെപ്റ്റംബർ 24.*

**എസ്. ആർ. ഒ. നമ്പർ 836/2009.**—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ (2008-ലെ 28) 30-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, 2008 ഡിസംബർ 24-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 443/2008/റവന്യൂ എന്ന വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2008 ഡിസംബർ 24-ാം തീയതിയിലെ 2743-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 1255/2008 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിലേക്കായി താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

### ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക്, 2009-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ 3-ാം ചട്ടത്തിന് പകരം താഴെപ്പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"3. പ്രാദേശികതല നിരീക്ഷണ സമിതിയിലേക്കുള്ള നാമനിർദ്ദേശം.—5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (iv)-ാം ഇനത്തിൻകീഴിൽ സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനുവേണ്ടി അതത് സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ നെൽകൃഷിക്കാരുടെ, ആറ് പേരടങ്ങിയ ഒരു പാനൽ ബന്ധപ്പെട്ട കൃഷി ആഫീസർ തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതും, ജില്ലാ കളക്ടർ പ്രസ്തുത പാനലിൽ നിന്നും മൂന്ന് പേരെ നാമനിർദ്ദേശം ചെയ്ത് സമിതി രൂപീകരിക്കേണ്ടതുമാകുന്നു."

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**നിവേദിതാ പി. ഹരൻ,**

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

LIBRARY ARCHIVES Kerala Legislative Assembly

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ 3-ാം ചട്ടത്തിൽ, പ്രാദേശിക നിരീക്ഷണ സമിതിയിലേക്ക് മൂന്ന് പേരെ നാമനിർദ്ദേശം ചെയ്ത് ജില്ലാ കളക്ടർ സിമിതി രൂപീകരിക്കേണ്ടതാണ് എന്ന് ഭേദഗതി വരുത്താൻ സബ്ജക്റ്റ് കമ്മിറ്റി II (ഭൂനികുതിയും വനവും മത്സ്യബന്ധനവും) ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചട്ടങ്ങൾക്ക് ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

LIBRARY ARCHIVES Kerala Legislative Assembly